**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2099** **01-09-2022 - ൽ മറുപടിയ്ക്ക്**

**പെരുമ്പാവൂർ മണ്ഡലത്തലെ ഫുഡ് സേഫ്റ്റി പരിശോധനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പെരുമ്പാവൂർ മണ്ഡലത്തിൽ ഫുഡ് ആൻഡ് സേഫ്റ്റി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര കേസുകളാണ് ഈ ഇനത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്; | (എ) | പെരുമ്പാവൂർ മണ്ഡലത്തിൽ ഫുഡ് ആൻഡ് സേഫ്ററി ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിലേയ്ക്കായി ലൈസൻസ്/ രജിസ്ട്രേഷൻ മേളകൾ സംഘടിപ്പിയ്ക്കുകയുണ്ടായി. എന്നാൽ നടപ്പ് സാമ്പത്തിക വർഷം ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാത്തതുകൊണ്ട് മാത്രം ഈ ഇനത്തിൽ കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല . കൂടാതെ രജിസ്ട്രേഷൻ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചിരുന്ന 43 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 10 സ്ഥാപനങ്ങൾക്ക് പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ തമിഴ്നാട്ടിൽ നിന്നുള്ള മായം കലർന്ന പാൽ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |
| (സി) | മണ്ഡലത്തിൽ മായം കലർന്ന മത്സ്യം, പഴവർഗ്ഗങ്ങൾ എന്നിവ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബന്ധപ്പെട്ട വകുപ്പുകൾ കൃത്യമായ പരിശോധനകൾ നടത്താറുണ്ടോ; മായം കലർന്നതും വിഷം കലർന്നതുമായ പഴവർഗങ്ങളും മത്സ്യങ്ങളും വിൽപന നടത്തിയത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരിശോധനകൾ നടത്തി വരുന്നു. |
| (ഡി) | പ്രസ്തുത മണ്ഡലത്തിൽ സ്റ്റാർ റേറ്റിംഗ് ഉള്ള ഏതെല്ലാം ഹോട്ടലുകൾ നിലവിലുണ്ട്; പട്ടിക ലഭ്യമാക്കാമോ; ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 2021 മുതൽ ഇക്കാലയളവ് വരെ എത്ര പരിശോധനകളാണ് നടത്തിയിട്ടുള്ളത്; മോശമായ ഭക്ഷണം വിതരണം ചെയ്ത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഏതെല്ലാം | (ഡി) | പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ **5** ഹോട്ടലുകൾക്ക് FSSAI ഹൈജീൻ റേറ്റിംഗ് നൽകിയിട്ടുണ്ട്**.** അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു**.**<br><br>**1.** Anjaly International, Oushadi Jn., Mc Road, Perumbavoor, Ernakulam – 683 542 |

| | | | |
|---|---|---|---|
| | ഹോട്ടലുകൾക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; | | 2. Embasseril Tourist Home, Kuruppampady PO, Kuruppampady, Perumbavoor, Ernakulam – 683 545<br><br>3. Hotel Dewland, 9/507-A, Vallam, Alattuchira, Perumbavoor<br><br>4. Ritz International, Perumbavoor<br><br>5. Wings Park Hotel And Resorts Pvt Ltd, Perumbavoor<br><br>ആകെ നടത്തിയ **487** ഭക്ഷ്യ പരിശോധനകളിൽ **169** ഹോട്ടൽ/ റെസ്റ്റോറന്റുകളിൽ പരിശോധന നടത്തി**.** ആയതിൽ ഭക്ഷ്യസുരക്ഷാ ഗുണനിവാര മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ചിരുന്ന രണ്ട് സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി **(1.**Calicut Whyte House, VII/203 PC, MC Road, Perumbavoor. 2. Mullas Restaurant, Perumbavoor). കൂടാതെ **180** സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതിൽ ചുവടെ ചേർത്ത**9** ഹോട്ടലുകൾ ഉൾപ്പെടെ **14** സ്ഥാപനങ്ങൾക്ക് പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട് **.**<br><br>Royal Sweets, Onnamile<br><br>New Grand Hotel, XVII/1442, PP Road, Perumbavoor.<br><br>നസീറിന്റെ പെറോട്ട കട**,** PP Road, Perumbavoor.<br><br>Cochin Bakery, PP Road, Perumbavoor.<br><br>Surya Restaurant, Opp. Kodanad Police Station, Odakkali.<br><br>City Bakers, Kuruppampady.<br><br>Golden Horca, Kuruppampady.<br><br>Treat Well Cake Shop, Christhuraj Complex, MC Road, Perumbavoor.<br><br>96 Eatery, MC Road, Perumbavoor)<br><br>4 പ്രോസിക്യൂഷൻ കേസുകളും 1 അഡ്ജ്യൂഡിക്കേഷൻ കേസും ഈ കാലയളവിൽ ഫയൽ ചെയ്തിട്ടുണ്ട്. ഇത് കൂടാതെ 9 കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു . |

| | | | |
|---|---|---|---|
| (ഇ) | മണ്ഡലത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ ലാബ് സൗകര്യം ഉണ്ടോ; ഇല്ലെങ്കിൽ പുതിയ ലാബ് സജ്ജീകരിക്കുന്നത് പരിഗണനയിലുണ്ടോ; | (ഇ) | പെരുമ്പാവൂർ മണ്ഡലത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ ഭക്ഷ്യ പരിശോധനാ ലാബ് സൗകര്യം നിലവിലില്ല. എന്നാൽ എറണാകുളം ജില്ലയിൽ കാക്കനാട് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി നിലവിലുണ്ട് . |
| (എഫ്) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മണ്ഡലത്തിലെ ഫുഡ് സേഫ്റ്റി ഓഫീസർ എത്ര മത്സ്യ, പഴവർഗ്ഗ സാമ്പിളുകൾ എൻ.എ.ബി.എൽ. അക്രെഡിറ്റഡ് അനലെറ്റിക്കൽ ലാബുകളിലേക്ക് പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (എഫ്) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മണ്ഡലത്തിലെ ഫുഡ് സേഫ്റ്റി ഓഫീസർ മീനിന്റെ 19 സർവ്വയിലൻസ് സാമ്പിളുകളും പഴവർഗ്ഗങ്ങളുടെ 13 സർവ്വയിലൻസ് സാമ്പിളുകളും പരിശോധനയ്ക്കായി എൻ.എ.ബി.എൽ. അക്രെഡിറ്റഡ് അനലെറ്റിക്കൽ ലാബുകളിലേയ്ക്ക് അയച്ചിരുന്നു. പരിശോധനാ ഫലം തൃപ്തികരമാണ്. |

സെക്ഷൻ ഓഫീസർ